**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1031 — 30-11-2018-ലെ മറുപടി

## ഒഴുക്ക് നിലച്ചുപോയ ജല സ്രോതസ്സുകൾ വീണ്ടെടുക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. വി.കെ.സി. മമ്മത് കോയ** | | **കെ. കൃഷ്ണൻകുട്ടി** (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിലെ ജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഒഴുക്ക് നിലച്ചുപോയ നദികൾ ഉൾപ്പെടെ വീണ്ടെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ ഇത്തരം നടപടികൾ തുടരുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വകുപ്പുതലത്തിൽ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി) | മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ ഹരിതകേരളം മിഷൻ നാലാമത് യോഗത്തിന്റെ തീരുമാനപ്രകാരം പുഴ വീണ്ടെടുക്കലിനായി സംസ്ഥാനത്ത് നടപ്പിലാക്കിയ ജനകീയ പ്രവർത്തനങ്ങളുടെ മാതൃകയിൽ എല്ലാ ജില്ലകളിലും പുതിയതായി ഒരു പുഴയെങ്കിലും ഏറ്റെടുത്ത് പുനരുജ്ജീവിപ്പിക്കുവാൻ തീരുമാനിച്ചു. ഇതിനായി സംസ്ഥാനത്തെ മാതൃകാ പുഴ വീണ്ടെടുക്കൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരേയും പുതിയതായി പുഴ വീണ്ടെടുക്കൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ തൽപരരായവരേയും പങ്കെടുപ്പിച്ചുകൊണ്ട് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഒരു പുഴ വീണ്ടെടുക്കൽ ശിൽപ്പശാല സംഘടിപ്പിക്കുകയും തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ ശിൽപ്പശാലയിൽ വിവിധ വകുപ്പുകളിലെ മേധാവികൾ ഉൾപ്പെടെയുള്ളവർ പങ്കെടുത്തിരുന്നു. നാലാമത് മിഷൻ യോഗത്തെ തുടർന്ന് 22-10-2018-ാം തീയതി ജല ഉപദൗത്യത്തിന്റെ കർമ്മസേനായോഗം ചേർന്നു. ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷൻമാർ പങ്കെടുത്ത പ്രസ്തുത യോഗത്തിൽ ഇതിനാവശ്യമായ തുടർ പരിപാടികൾക്ക് രൂപം നൽകുകയും ചെയ്തു. 21-11-2018-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അഞ്ചാമത് മിഷൻ അവലോകന യോഗത്തിൽ ഒരു നദി/നീർച്ചാലെങ്കിലും പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഡിസംബർ എട്ടാം തീയതി എല്ലാ ജില്ലകളിലും ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള സംഘാടന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട സാങ്കേതികവും സാമൂഹികവുമായ ഘടകങ്ങൾ ഉൾക്കൊള്ളുന്ന കൈപ്പുസ്തകം തയ്യാറാക്കി നൽകുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ